ഭരണഭാഷ – മാതൃഭാഷ

നം.61532TRY/5529/2023-E1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 18-03-2025

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും

Revenue Friends

സർ,

വിഷയം: ട്രഷറി വകുപ്പ്-കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് ട്രഷറിയിൽ തുക സ്വീകരിക്കുന്നത്-നിർദ്ദേശം-സംബന്ധിച്ച്

സൂചന: 1. ലാൻഡ് റെവന്യൂ കമ്മീഷണറുടെ 10/03/2025-ലെ LR/11814/2024-SC1(IT cell) നമ്പർ കത്ത്

2. സ.ഉ.(സാധാ)നം.2909/2019/ധന തീയതി 09/04/2019

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ഭൂമി തരംമാറ്റത്തിനായി ReLIS പോർട്ടൽ മുഖേന നടപടി സ്വീകരിക്കുന്ന അപേക്ഷകളിൽ തരം മാറ്റത്തിനായുള്ള ഫീസ് ലാൻഡ് റവന്യൂ കമ്മിഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള **799011400007571** നമ്പർ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ടെന്നും എന്നാൽ ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് സമർപ്പിക്കപ്പെട്ട തരംമാറ്റം അപേക്ഷകൾ അനുവദിക്കുമ്പോൾ അവയിന്മേലുള്ള ഫീസ് ട്രഷറി അക്കൗണ്ടിലേക്ക് അപേക്ഷകർക്ക് ഒടുക്കുവാൻ കഴിയാത്ത സാഹചര്യമാണ്

നിലവിലുള്ളതെന്നും ആയതിനാൽ മേൽ ആവശ്യത്തിനായുള്ള തുക ടി അക്കൗണ്ടിൽ മാനുവൽ ആയി സ്വീകരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും ലാൻഡ് റവന്യൂ കമ്മിഷണർ സൂചന (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 എ പ്രകാരം ഭൂമി തരം മാറ്റത്തിനായുള്ള ഫീസ് ഒടുക്കുന്നതിനായി സൂചന (2) പ്രകാരം ലാൻഡ് ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ 799011400007571 നമ്പർ എസ്.ടി.എസ്.ബി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. ലാൻഡ് റവന്യൂ കമ്മീഷണറുടെ സൂചന (1) കത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറി ഓഫീസർമാർ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ലാൻഡ് ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400007571 നമ്പർ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് വ്യക്തികൾ നേരിട്ട് അടവാക്കുന്ന തുക സ്വീകരിക്കേണ്ടതാണ്. SB Form No.3/SB Form No.4-ൽ തുക സ്വീകരിക്കുമ്പോൾ ടി ഫോറം ബന്ധപ്പെട്ട റവന്യൂ അധികാരി മേലൊപ്പ് വച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പണം സ്വീകരിച്ചതിനുശേഷം SB Form No.3-ന്റെ കൌണ്ടർ ഫോയിൽ തിരികെ നൽകുമ്പോൾ തുക അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി "Cash Received" സീലും ഓഫീസ് സീലും പതിച്ച് നൽകേണ്ടതാണ്. അതുപോലെ ചെക്ക്/ഡിമാൻഡ് ഡ്രാഫ്റ്റ് കളക്ഷൻ ആക്കിയതിനുശേഷം SB Form No.4-ന്റെ കൌണ്ടർ ഫോയിൽ തിരികെ നൽകുമ്പോഴും മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Revenue Friends

ഈ കാര്യാലയത്തിൽ നിന്നും തുടർ നിർദ്ദേശം ലഭിക്കുന്നതുവരെ ടി അക്കൗണ്ടിലേക്ക് മാനുവൽ ഫോറത്തിൽ SB Form No.3/SB Form No.4 മുഖേന അടവാക്കുന്ന തുക സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Sajan V
Date: 18-03-2025 13:54:55

V SAJAN

DIRECTOR

Directorate of Treasuries, Pattom, Pattom Palace.P.O, Thiruvananthapuram, Kerala 695004
www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229

Revenue Friends